## ആൺകുട്ടി

**I. "അവൾ സകല രാഷ്ട്രങ്ങളെയും ഇരുമ്പുകോൽ കൊണ്ട് മേയ്ക്കുവാനുള്ള ഒരു പുത്രനെ, ഒരു ആൺകുട്ടിയെ പ്രസവിച്ചു; അവളുടെ കുട്ടി ദൈവത്തിന്റെ അടുക്കലേക്കും അവന്റെ സിംഹാസനത്തിന്റെ അടുക്കലേക്കും എടുക്കപ്പെട്ടു"—വെളി. 12:5**

- പ്രസവിച്ചു എന്നത് പ്രവൃ. 13:33-34-ൽ പരാമർശിക്കുന്നതുപോലെ പുനരുത്ഥാനത്തെ സൂചിപ്പിക്കുന്നു
  - ആൺകുട്ടി, മരിച്ചിട്ട് പുനരുത്ഥാനം ചെയ്ത, ജയാളികളായ വിശുദ്ധന്മാരാൽ സംരചിക്കപ്പെട്ടതാണ്. വെളിപ്പാട് 12:11-ലെ മരണത്തോളം എന്ന വാക്കുകൾ ഇത് തെളിയിക്കുന്നു
- ബൈബിളിൽ സ്ത്രീ ബലഹീനയായവളെയും, പുരുഷൻ, ബലമേറിയവനെയും സൂചിപ്പിക്കുന്നു
  - വെളിപ്പാട് 12-ലെ ആൺകുട്ടി ദൈവജനത്തിന്റെ ബലമേറിയ ഭാഗത്തെ സൂചിപ്പിക്കുന്നു
- എടുക്കപ്പെടുക എന്നത്, ഉൾപ്രാപിതരാകുക എന്നാണ്
  - ആൺകുട്ടിയുടെ ഉൾപ്രാപണം, 1 തെസ്സ. 4:17-ൽ പരാമർശിച്ചിരിക്കുന്ന, ഭൂരിപക്ഷം വിശ്വാസികളുടേതിൽ നിന്ന് വ്യത്യസ്തമാണ്
  - ആൺകുട്ടി ദൈവത്തിന്റെ സിംഹാസനത്തിലേക്കു മഹോപദ്രവത്തിന്റെ കാലമായ, മൂന്നരവർഷത്തിന് മുമ്പു ഉൾപ്രാപിതരാകുന്നു

## സ്വർഗത്തിലെ യുദ്ധം

**II. "സ്വർഗത്തിൽ യുദ്ധം ഉണ്ടായി"—12:7**

- ആൺകുട്ടി സ്വർഗത്തിലേക്ക് ഉൾപ്രാപിതനായ ഉടൻതന്നെ, മീഖായേലും അവന്റെ ദൂതന്മാരും സാത്താനെതിരെ യുദ്ധം ആരംഭിക്കുന്നു
  - ദൈവജനത്തിലെ ബലമേറിയ ഭാഗമായ ആൺകുട്ടി, ദൈവത്തിന്റെ ശത്രുവായ സാത്താനെതിരെ യുദ്ധം ചെയ്യുന്നതിൽ എപ്പോഴും ഏർപ്പെട്ടിരിക്കുന്നു എന്ന് ഇത് സൂചിപ്പിക്കുന്നു
  - അവർ ഭൂമിയിൽ സാത്താനെതിരെ നിരന്തരം യുദ്ധം ചെയ്തുകൊണ്ടേയിരിക്കുന്നു
  - സാത്താനെ സ്വർഗത്തിൽനിന്ന് തള്ളിക്കളയുവാൻ യുദ്ധത്തിലേർപ്പെടേണ്ടതിന്, അവർ എത്തിച്ചേരുവാൻ സ്വർഗം കാത്തിരിക്കുന്നു
- "വ്യാളിയും അവന്റെ ദൂതന്മാരും യുദ്ധം ചെയ്തു" (വെളി. 12:7); ഈ ദൂതന്മാർ, ദൈവത്തിനെതിരെ മത്സരിക്കുവാനായി സാത്താനെ അനുഗമിക്കുന്ന, വീണുപോയ ദൂതന്മാർ ആയിരിക്കണം (മത്താ. 25:41).
- ദൈവത്തിന്റെ ശത്രുവായ സാത്താനെ കർത്താവായ യേശു ക്രൂശിൽ ന്യായം വിധിച്ചു
  - അതിനുശേഷം, ആ ന്യായവിധി നടപ്പാക്കുന്നതിനും, ആ വിധി നിർവഹിക്കുന്നതിനും ജയാളികളായ വിശ്വാസികൾ ആവശ്യമാണ്.
  - ജയാളികളായ വിശ്വാസികൾ സാത്താനെതിരെ നടത്തുന്ന യുദ്ധം യഥാർഥത്തിൽ അവന്റെ മേലുള്ള കർത്താവിന്റെ ന്യായവിധി നടപ്പാക്കുന്നതാണ്.
  - ഒടുവിൽ, അവരുടെ പോരാട്ടത്തിലൂടെ, അവൻ സ്വർഗത്തിൽനിന്ന് പുറത്താക്കപ്പെടുന്നു

## ജയിക്കുന്ന വിശുദ്ധന്മാർ

**III. "ഇപ്പോൾ നമ്മുടെ ദൈവത്തിന്റെ രക്ഷയും ശക്തിയും രാജ്യവും അവന്റെ ക്രിസ്തുവിന്റെ അധികാരവും വന്നിരിക്കുന്നു, എന്തെന്നാൽ നമ്മുടെ സഹോദരന്മാരെ രാപ്പകൽ നമ്മുടെ ദൈവത്തിനു മുമ്പാകെ കുറ്റം ചുമത്തുന്ന ആരോപകനെ താഴേക്ക് എറിഞ്ഞുകളഞ്ഞിരിക്കുന്നു. അവർ അവനെ കുഞ്ഞാടിന്റെ രക്തം ഹേതുവായും തങ്ങളുടെ സാക്ഷ്യവചനം ഹേതുവായും ജയിച്ചു, മരണത്തോളം തങ്ങളുടെ ദേഹിജീവനെ സ്നേഹിച്ചതുമില്ല."—വാ. 10-11**

- അവർ അവനെ കുഞ്ഞാടിന്റെ രക്തം ഹേതുവായി ജയിച്ചു
  - സാത്താൻ നമ്മെ കുറ്റം ചുമത്തിയേക്കാം, എന്നാൽ ദൈവപുത്രനായ യേശു ക്രിസ്തുവിന്റെ രക്തം സകല പാപത്തിൽനിന്നും നമ്മെ ശുദ്ധീകരിക്കുന്നുവെന്ന് നമുക്ക് ഉത്തരം നൽകാൻ കഴിയും
  - നാം ഏറ്റുപറഞ്ഞ് രക്തം പ്രയോഗിച്ചശേഷം അവസാനിക്കാത്ത ഏതൊരു പ്രത്യക്ഷമായ കുറ്റാരോപണവും ദൈവത്തിന്റെ പ്രകാശനമല്ല, സാത്താന്റെ കുറ്റം ചുമത്തലാണ്
  - നാം തികഞ്ഞവരല്ലെങ്കിലും, വിലയേറിയ രക്തത്തിൻ കീഴിലാണെന്ന് പിശാചിനോട് പറഞ്ഞുകൊണ്ട്, നാം എപ്പോഴും രക്തം പ്രയോഗിക്കണം
- അവർ അവനെ തങ്ങളുടെ സാക്ഷ്യവചനം ഹേതുവായി ജയിച്ചു
  - "സാക്ഷ്യം" എന്നാൽ ക്രിസ്തുവിൽ എന്താണ് ഉള്ളതെന്ന് മറ്റുള്ളവരോട് പറയുന്നതാണ്, സാക്ഷ്യവചനം പറയേണ്ടതായ ഒന്നാണ്
  - പിശാചിനെ കർത്താവ് ന്യായം വിധിച്ചുവെന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ട്, ജയാളികൾ ക്രിസ്തുവിന്റെ ജയത്തെ അടിക്കടി പ്രഖ്യാപിക്കണം
  - നാം സാത്താനോട് ന്യായവാദം ചെയ്യാൻ ശ്രമിക്കുമ്പോൾ അവൻ ഭയപ്പെടുന്നില്ല, എന്നാൽ നാം ക്രിസ്തുവിന്റെ വിജയത്തിന്റെ ആത്മിക വസ്തുതകൾ പ്രഖ്യാപിക്കുമ്പോൾ അവൻ ഭയപ്പെടുന്നു
- അവർ മരണത്തോളം തങ്ങളുടെ ദേഹിജീവനെ സ്നേഹിച്ചതുമില്ല
  - ആദാമിന്റെ വീഴ്ച മൂലം സാത്താൻ മനുഷ്യന്റെ ദേഹിജീവനോട്—മനുഷ്യന്റെ സ്വയത്തോട്—അവനെത്തന്നെ യോജിപ്പിച്ചു; അവനെ ജയിക്കുവാൻ നമ്മുടെ ദേഹിജീവനെ നാം സ്നേഹിക്കരുത്; പകരം, നാം അതിനെ വെറുക്കുകയും അതിനെ ത്യജിക്കുകയും വേണം
  - ഒരു വിധത്തിലും നാം നമ്മളാൽത്തന്നെ ജീവിക്കുകയില്ല എന്ന മനോഭാവം നമുക്കുണ്ടായിരിക്കണം; നാം നമ്മുടെ സ്വന്തം കഴിവുകളെ വിലമതിക്കുകയില്ല, അഥവാ നമുക്ക് യാതൊരു ആത്മവിശ്വാസവും ഉണ്ടായിരിക്കുയില്ല
  - നാം സ്വർഗീയ വീഞ്ഞായ ക്രിസ്തു നമ്മെ നിറയ്ക്കുവാനും നമ്മെ ദൈവത്തിന് വീഞ്ഞായിത്തീരുവാൻ ഇടയാക്കുവാനും അനുവദിക്കുന്ന ആത്മത്യാഗികളായ വ്യക്തികളായിരിക്കണം, ഒരു പാനീയയാഗമായിരിക്കണം
  - ക്രിസ്തുവിനെ മാത്രമല്ല, ദൈവത്തിന്റെ ആസ്വാദനത്തിനും സംതൃപ്തിക്കും ദൈവത്തിന്റെ കെട്ടുപണിക്കും വേണ്ടി ഒഴിക്കപ്പെടുവാൻ അവനും നാമും ഒന്നായിത്തീരുവോളം സ്വർഗീയ വീഞ്ഞെന്ന നിലയിൽ അവനെക്കൊണ്ടുതന്നെ നമ്മെ സാന്ദ്രീകരിക്കുന്നവനും കൂടിയായ ക്രിസ്തുവിനെയാണ് പാനീയയാഗം മുൻകുറിക്കുന്നത്

# ക്രിസ്തുവിന്റെ വരവും (പറൂസിയ—സാന്നിധ്യം), ഉൾപ്രാപണവും

| ക്രിസ്തുവിന്റെ വരവ് (പറൂസിയ—സാന്നിധ്യം) സ്വർഗത്തിൽ നിന്നും ആരംഭിക്കുന്നു—മത്താ. 24:3; 37-42<br>**മഹാപദ്രവത്തിന് മുമ്പ്**<br>**സ്വർഗത്തിൽ** | ക്രിസ്തു തന്റെ പറൂസിയ തുടരേണ്ടതിന് സ്വർഗത്തിൽ നിന്ന് ആകാശത്തിലേക്ക് വരുന്നു—വെളി. 10:1<br>**മഹോപദ്രവത്തിന്റെ അവസാനത്തോട് അടുക്കുമ്പോൾ**<br>**മധ്യാകാശത്തിൽ** | ക്രിസ്തു തന്റെ പറൂസിയ പൂർത്തിയാക്കേണ്ടതിന് ആകാശത്തിൽ നിന്ന് ഭൂമിയിലേക്ക് വരുന്നു<br>**മഹോപദ്രവത്തിന്റെ അന്ത്യത്തിൽ**<br>**ഭൂമിയിന്മേൽ** |
|---|---|---|
| • വെളി. 7:9-ൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ ചില വിശ്വാസികൾ ആറാമത്തെ മുദ്രയ്ക്ക് മുമ്പ് സ്വർഗത്തിലേക്ക് ഉൾപ്രാപിതരാകുവാൻ തുടങ്ങുന്നു<br>• കഴിഞ്ഞ തലമുറകളിലെ രക്തസാക്ഷികളായ, ജയിക്കുന്ന വിശുദ്ധന്മാർ പുനരുത്ഥാനം ചെയ്ത് ദൈവത്തിന്റെ സിംഹാസനത്തിലേക്ക് ഉൾപ്രാപിതരാകുന്നു—വെളി. 12:5, 11; ഫിലി. 3:10-11<br>• ഈ യുഗത്തിൽ ജീവിച്ചിരിക്കുന്ന ആദ്യം പാകമായ, ജയിക്കുന്ന വിശ്വാസികൾ സ്വർഗീയ സീയോൻ പർവതത്തിലേക്ക് ഉൾപ്രാപിതരാകുന്നു—വെളി. 14:1-5<br>• ഈ യുഗത്തിൽ ജീവിച്ചിരിക്കുന്ന ജയിക്കുന്നവരായ ശേഷിക്കുന്ന വിശ്വാസികൾ ക്രിസ്തുവിന്റെ സാന്നിധ്യത്തിലേക്ക് ഉൾപ്രാപിതരാകുന്നു—വെളി. 3:10; ലൂക്കൊ. 21:36; മത്താ. 24:39-42 | • മുൻതലമുറകളിൽ മരിച്ചുപോയ ഭൂരിഭാഗം വിശുദ്ധന്മാരും ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുന്നു (മഹോപദ്രവത്തിൽ രക്തസാക്ഷികളായവർ ഉൾപ്പെടെ)—വെളി. 20:4, 6; 15:2<br>• അവരോടുകൂടെ ഈ യുഗത്തിൽ ജീവിച്ചിരിക്കുന്ന ഭൂരിഭാഗം വിശുദ്ധന്മാരും മധ്യാകാശത്തിൽ കർത്താവിനെ കണ്ടുമുട്ടുവാൻ ഉൾപ്രാപിതരാകുന്നു.<br>• ദൈവത്തിന്റെ വിളവിൽ ഭൂരിഭാഗവും പാകമാകുകയും കൊയ്യപ്പെടുകയും ചെയ്യുന്നു—1 തെസ്സ. 4:15-17; 1 കൊരി. 15:51-52; മത്താ. 25:1-12; വെളി. 14:14-16; മത്താ. 13:30, 39<br>• രണ്ട് സാക്ഷികൾ ഉയിർത്തെഴുന്നേറ്റ് സ്വർഗത്തിലേക്ക് ഉൾപ്രാപിതരാകുന്നു—വെളി. 11:11-12<br>• ക്രിസ്തു തന്റെ ന്യായാസനത്തിൽ വെച്ച് എല്ലാ വിശുദ്ധന്മാരെയും ന്യായവിധിക്കുന്നു—2 കൊരി. 5:10; 1 കൊരി. 4:5; മത്താ. 25:19<br>• ക്രിസ്തുവിന്റെ വിവാഹം: ജയിക്കുന്ന വിശുദ്ധന്മാർ വിവാഹ അത്താഴത്തിലേക്ക് വിളിക്കപ്പെടുന്നു—വെളി. 19:7-9; മത്താ. 22:2-14; 25:10 | • തന്റെ പറൂസിയ പൂർത്തിയാക്കേണ്ടതിന് ക്രിസ്തു മധ്യാകാശത്തിൽ നിന്ന് ഭൂമിയിലേക്ക് വരുന്നു—മത്താ. 24:27, 30<br>• എതിർക്രിസ്തുവിനെയും അവന്റെ സൈന്യത്തെയും ക്രിസ്തു സംഹരിക്കുന്നു—വെളി. 19:11-21; 17:14; 16:12-16; സെഖ. 14:2-5, 12-13; യെശ. 63:1-6; വെളി. 14:17-20<br>• ഭൗതിക മഹതിയാം ബാബിലോണിനെ ക്രിസ്തു നശിപ്പിക്കുന്നു—വെളി. 18:1 - 19:3<br>• ഇസ്രായേൽ മക്കളെ ക്രിസ്തു രക്ഷിക്കുകയും, കൂട്ടിവരുത്തുകയും, പുനഃസ്ഥാപിക്കുകയും ചെയ്യുന്നു—സെഖ. 12:2-14; റോമ. 11:26; മത്താ. 24:31; പ്രവൃ. 1:6<br>• ക്രിസ്തു സാത്താനെ ബന്ധിച്ച് അഗാധകൂപത്തിലേക്ക് തള്ളിയിടുന്നു—വെളി. 20:1-3<br>• ക്രിസ്തു ജീവിക്കുന്ന ജാതികളെ ന്യായംവിധിക്കുന്നു—മത്താ. 25:31-46; പ്രവൃ. 17:31<br>• ക്രിസ്തു സഹസ്രാബ്ദ രാജ്യം സ്ഥാപിക്കുകയും സകലത്തെയും പുനഃസ്ഥാപിക്കുകയും ചെയ്യുന്നു—വെളി. 20:4-6; പ്രവൃ. 3:21; മത്താ. 19:28 |